ആർ.ജി.ജി.വി.വൈ. (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതി യോജന)

6 (5810) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആർ.ജി.ജി.വി.വൈ. (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതി യോജന) സംസ്ഥാനത്ത് നിലവിലുണ്ടോ ; ഈ പദ്ധതിയനുസരിച്ച് ഏറ്റെടുത്ത ഏതെങ്കിലും പദ്ധതികൾ കണ്ണൂർ ജില്ലയിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

ആർ.ജി.ജി.വി.വൈ. പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.

ഈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 5136 ബി.പി.എൽ വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചിരുന്നത്. എന്നാൽ 9347 ബി.പി.എൽ. വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ചിട്ടുണ്ട്.

കേടായ വൈദ്യുതി മീറ്ററുകൾ

7 (5811) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിദ്രുത വൈദ്യുതി വികസന പദ്ധതിയിൻ കീഴിൽ 2014-ൽ വൈദ്യുതി ബോർഡ് എത്ര വൈദ്യുതി മീറ്ററുകൾ വാങ്ങി ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര വൈദ്യുതി മീറ്ററുകൾ കേടായി കിടക്കുന്നുണ്ട്; ഇതുമൂലം പ്രതിദിനം ബോർഡിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 കാലയളവിൽ 12.6 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകളും 93750 ത്രീ ഫേസ് മീറ്ററുകളും വാങ്ങിയിട്ടുണ്ട്. ഇതിൽ അതിദ്രുത വികസന പദ്ധതിക്കുള്ള മീറ്ററുകളും ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly